## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 451** | **12.06.2012-ൽ മറുപടിക്ക്.**

## റോഡപകടങ്ങൾ ഒഴിവാക്കാനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ:<br>ശ്രീ. എസ് രാജേന്ദ്രൻ:<br>ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ.കെ.വി. വിജയദാസ്: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറച്ചുകൊണ്ട് വരുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | കേരള റോഡ് സുരക്ഷ അതോറിറ്റി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു കൊണ്ട് റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ നടത്തി വരുന്നു. വാഹനാപകടങ്ങൾ നിയന്ത്രിക്കുന്നതിന് പരിഹാര നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി അപകടങ്ങളും അപകടമരണങ്ങളും, കൂടുതൽ സംഭവിക്കുന്ന മേഖലകളിൽ അപകടനിവാരണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതികൾക്ക് അതോറിറ്റി മേൽനോട്ടം വഹിക്കുന്നുണ്ട്. കൂടാതെ അപകടങ്ങളും, ഗതാഗത കുരുക്കും, ട്രാഫിക് വയലേഷനുകളും കൂടുതൽ സംഭവിക്കുന്ന റോഡുകളിൽ, മേഖലാ അടിസ്ഥാനത്തിൽ പഠനം നടത്തി പോലീസ്, മോട്ടോർ |

| | | | |
|---|---|---|---|
| | | | വാഹനം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ റിപ്പോർട്ട് സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ അപകട വിമുക്ത മാതൃകാ റോഡ് പദ്ധതി എന്ന ആശയവും കേരള റോഡ് സുരക്ഷാ അതോറിറ്റി വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുന്നുണ്ട്.<br>വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് കാര്യേജ്ജുകളിലും ഹെവി വാഹനങ്ങളിലും ടിപ്പർ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന പരിശോധനകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾ ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത് കൂടാതെ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതക്കെതിരെ അവബോധം സൃഷ്ടിക്കുന്ന തിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.<br>പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം ട്രാൻസ്പോർട്ട് , നോൺ |

| | | | |
|---|---|---|---|
| | | | ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കി വരുന്നു. ജില്ലാതലത്തിൽ സ്പീഡ് ട്രേസറുകൾ ഉപയോഗിച്ചും മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിതവേഗത കണ്ടുപിടിയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച്, പൊതുമരാമത്ത് വകുപ്പ് തുടങ്ങി മറ്റ് വകുപ്പുകളുടെ സഹായത്തോടു കൂടി തിരുത്തൽ നടപടികൾ എടുക്കുന്നുണ്ട്. ചേർത്തല-മണ്ണുത്തി റോഡ് അപകടരഹിതമായ മാതൃകാ റോഡാക്കി മാറ്റുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു. ഇതിന്റെ ഭാഗമായി സർവൈലൻസ് ക്യാമറകൾ, ട്രാഫിക് സൈൻ ബോർഡുകൾ എന്നിവ സ്ഥാപിച്ചു വരുന്നു. നിലവിലുള്ള 17 സ്ക്വാഡുകൾക്ക് പുറമെ വാഹന പരിശോധന ശക്തമാക്കുന്നതിന് വകുപ്പിന് പുതുതായി 17 മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ്, അനുവദിച്ചു. <br> ഹൈവേയിൽ അപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും അപകടങ്ങൾ ഉണ്ടായാൽ അടിയന്തിര രക്ഷാപ്രവർത്തനം നടത്തുന്നതിനുമായി ഹൈവേ |

| | | | |
|---|---|---|---|
| | | | സുരക്ഷാ ജാഗ്രതാ സമിതികൾ, സ്കൂളുകളിൽ റോഡ് സേഫ്റ്റി ക്ലബ്ബുകൾ എന്നിവ രൂപീകരിച്ചിട്ടുണ്ട്.<br><br>വിവിധ ജില്ലകളിൽ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിന് മൊബൈൽ ട്രാഫിക് എഡ്യൂക്കേഷൻ പാർക്ക് നിർമ്മിക്കുകയും ഇവ സ്കൂളുകൾ/ ജംഗ്ഷനുകൾ എന്നിവ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. സ്കൂൾ പരിസരങ്ങളിൽ വാഹനാപകടം കുറയ്ക്കുന്നതിനായി പോലീസ് വകുപ്പ് മുൻകൈ എടുത്ത് ആയിരത്തിൽപ്പരം സ്കൂളുകൾക്കു മുന്നിൽ വേഗപരിധി ബോർഡുകൾ സ്ഥാപിച്ചു. കൂടാതെ സ്കൂളുകൾക്ക് മുന്നിൽ പെലിക്കൺ ക്രോസ്സിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടികളും എടുത്തിട്ടുണ്ട്.<br>കൂടുതൽ ഫലപ്രദമായ ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കുവാനായി പ്ലാൻ ഫണ്ട്, MOPF, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് എന്നിവ ഉപയോഗിച്ച് ആധുനിക ഇലക്ട്രോണിക് ഉപകരണങ്ങളായ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ, ആൽക്കോമീറ്റർ എന്നിവ സ്ഥാപിച്ച് അവയുടെ കാര്യക്ഷമമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.<br>കാൽ നടയാത്രക്കാരുടെ സുരക്ഷിതത്വത്തിന് മുൻഗണന നൽകുന്നതിനായി ഒരു തീവ്രയത്ന |

| | | | |
|---|---|---|---|
| | | | പരിപാടി നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫുട്പാത്തുകളിൽ പാർക്കുചെയ്യുന്ന വാഹനങ്ങൾ നീക്കം ചെയ്യുകയും, അവയ്ക്കെതിരെ മോട്ടോർവാഹന നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. കൂടാതെ കവലകളിൽ വലിയ പരസ്യ ബോർഡുകൾ അനുവദിക്കാതിരിക്കുക, സീബ്രാ ക്രോസിംഗിൽ റോഡുമുറിച്ചു കടക്കാനുള്ള സൗകര്യം ചെയ്തു കൊടുക്കുക, ജാഗ്രതാ ബോർഡുകൾ സ്ഥാപിക്കുക, റോഡിന്റെ വശങ്ങളിൽ സാധന സാമഗ്രികൾ ഇറക്കി കാൽനടയാത്രക്കാർക്ക് തടസ്സം സൃഷ്ടിക്കുന്നത് തടയുക എന്നീ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്.<br>മദ്യപിച്ച് വാഹനമോടിച്ച് അപകടങ്ങൾ ഉണ്ടാക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് സസ്പെന്റ്/ റദ്ദാക്കുന്നതിനുള്ള നടപടികൾ എടുക്കുന്നതിനുള്ള കർശന നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | അമിതവേഗത തടയുന്നതിനായി ഇന്റർസെപ്ടർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടുണ്ടോ; ആയതിന്റെ പ്രവർത്തനഫലം വിലയിരുത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്; അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരെ പെട്ടെന്ന് കണ്ടെത്തി നിയമ നടപടികൾ സ്വീകരിക്കുവാൻ ഇന്റർസെപ്ടർ മുഖേന കഴിയുന്നുണ്ട്. |
| (സി) | റിഫ്ളക്ടർ ഇല്ലാതെ ഡിവൈഡറുകൾ സ്ഥാപിക്കുന്നതുമൂലം സംസ്ഥാനത്തെ പ്രധാന റോഡുകളിലെല്ലാം റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി | (സി) | റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ഡിവൈഡറുകൾ മൂലം അപകടങ്ങൾ ഉണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്വീകരിക്കുമോ; | | |
| (ഡി) | റോഡപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ